Roll No. | | | | | | | |

**Series RKM** **Code No. 12**

- Please check that this question paper contains 5 printed pages.
- Code number given on the right hand side of the question paper should be written on the title page of the answer-book by the candidate.
- Please check that this question paper contains 5 questions.
- Please write down the serial number of the question before attempting it.

# MALAYALAM

# മലയാളം

*Time allowed : 3 hours* *Maximum Marks : 100*

*അനുവദിച്ച സമയം : 3 മണിക്കൂർ* *ആകെ മാർക്ക് : 100*

## എ വിഭാഗം

1. (a) പര്യായം എഴുതുക : 1

ചെവി

(b) വിപരീതം പദം എഴുതുക : 1

(i) ഉത്തമം

(ii) കളങ്കം

(c) നാനാർത്ഥം എഴുതുക : 1

അരി

(d) അർത്ഥവ്യത്യാസം എഴുതുക : 1

കവചം — കവനം

(e) പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക : 4

(i) കാണുന്നുണ്ട്

(ii) മനുഷ്യോചിതം

(iii) പാറക്കൂട്ടം

(iv) പുറന്തോട്

(f) വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക : 4

(i) അഭിപ്രായഭിന്നത
(ii) പൂർവ്വോത്തരം
(iii) നാടകീയഭംഗി
(iv) ഭഗ്നാശൻ

(g) പ്രയോഗം മാറ്റുക : 2

(i) ദിവ്യപുരുഷനായ ശ്രീനാരായണഗുരു ശോഭനമായ ഒരവസ്ഥയിലേക്ക് കേരളത്തെ ഉയർത്തി.

(ii) ചെറുശ്ശേരി നമ്പൂതിരി ഭാഗവതത്തിലെ ശുഷ്ക്കഭാഗങ്ങളെ മാംസളവും സുഭഗവുമാക്കിയിരിക്കുന്നു.

(h) അർത്ഥ വ്യത്യാസം വരാതെ വിധിവാക്യത്തെ നിഷേധ വാക്യമാക്കി മാറ്റുക : 2

(i) മതങ്ങൾ സൂക്ഷമാന്വേഷണത്തെ സഹായിക്കുന്ന മാർഗ ദർശികൾ മാത്രമാണ്.

(ii) അപൂർവ്വമായ കവിപ്രതിഭയുടെ തിളക്കം കൃഷ്ണഗാഥയിൽ എല്ലായിടത്തും കാണാം.

(i) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക : 2

ആധുനിക നാടകരംഗങ്ങളിൽ നടന്മാരുടെ മേൽ നാനാവർണ്ണത്തി ലുള്ള പലതര പ്രകാശമേല്പിച്ചു വരുത്തുന്ന ബാഹ്യമായ പുറംമോടി നേടുകയാണ് കവി ചെയ്തിരിക്കുന്നത്.

(j) അംഗവാക്യം അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക : 2

വണ്ടിയുടെ കൈ താഴെ വെച്ചിട്ട് അയാൾ പിറകിലേക്ക് ഓടിച്ചെന്നു.

2. (a) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് മൂന്നു പുറത്തിൽ കവിയാതെ ഉപന്യസിക്കുക : 10

(i) അന്തരീക്ഷ മലിനീകരണം ഉയർത്തുന്ന ഭീഷണികൾ
(ii) രാഷ്ട്രപുരോഗതിക്ക് തടസ്സം നിൽക്കുന്ന കാര്യങ്ങൾ
(iii) മനുഷ്യപുരോഗതിയിൽ ശാസ്ത്രം വഹിക്കുന്ന പങ്ക്

(b) യുവജനോത്സവത്തിൽ സംഭവിച്ച അപാകതകൾ ചൂണ്ടിക്കാണിച്ചു കൊണ്ട് സ്കൂൾ കലാസമിതി പ്രസിഡന്റെന്ന നിലയ്ക്ക് വിദ്യാഭ്യാസ മന്ത്രിക്ക് ഒരു കത്തു തയ്യാറാക്കുക. 10

(c) താഴെ കൊടുത്തിരിക്കുന്ന ഖണ്ഡികവായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :

കവിയുടെ മൂന്നു തരം മനോഭാവങ്ങൾ കവിതയിൽ പ്രതിഫലിക്കുന്നുണ്ട്. ഇവയെ വികാരപരം, ആലോചനാപരം, ഭാവനാപരം എന്നു വിഭജിക്കാം. ഇവയിൽ ആലോചനാപരമായ അംശമാണ് തത്ത്വചിന്തയായി മാറുന്നത്. കവിയുടെ അന്ത:കരണവൃത്തി മേൽപ്പറഞ്ഞ മൂന്നു വിധത്തിൽ ഒരുപോലെ വ്യാപരിച്ചെങ്കിൽ മാത്രമേ ഉത്തമകവിത ഉണ്ടാവുകയുള്ളൂ. ഇവയിലേതെങ്കിലുമൊന്നിന്റെ അഭാവം രസസ്ഫൂർത്തിക്ക് ഹാനികരമായി രിക്കും. വിശേഷിച്ച് രണ്ടാമത്തെ അംശം തീരെയില്ലാതെ പോയാൽ അനന്തര ക്ഷണത്തിൽ നിശ്ശേഷം നശിച്ചു പോകുന്ന കേവലം താത്ക്കാലികമായ ഒരു രസാനുഭൂതി മാത്രമേ കവിതാപാരായണം കൊണ്ടുണ്ടാവുകയുള്ളൂ. മണിയടിച്ചു കഴിഞ്ഞ ശേഷവും മണിനാദം അന്തരീക്ഷത്തിൽ കുറേ നേരം വിസ്ഫുരണം ചെയ്തു കൊണ്ടിരിക്കുന്നതു പോലെ വായനയ്ക്കു ശേഷവും രസാനുഭൂതി തുടർന്നു നിലകൊള്ളണമെങ്കിൽ കവിത തത്ത്വചിന്ത കൊണ്ട് രമണീയമായിരിക്കണം. ജീവിത തത്ത്വങ്ങളേയും പ്രകൃതി രഹസ്യങ്ങളേയും നിരീക്ഷണം ചെയ്യുന്നതിന് പ്രാപ്തനല്ലാത്തൊരു കവി എഴുതുന്ന കവിത ഉള്ളിത്തൊണ്ടു പോലെ ഉൾക്കനമില്ലാത്തതായിരിക്കും. പരിശുദ്ധങ്ങളായ വികാരങ്ങളുടെ ഉത്തേജനം കൊണ്ടുതന്നെ കവിതാധർമ്മം മുഴുവനും നിർവ്വഹിക്കപ്പെടുന്നതായി ചിലർ വാദിക്കുന്നുണ്ട്. ഇതു ശരിയാണെന്നു പറയുവാൻ നിവൃത്തിയില്ല. ഹൃദയതലത്തിൽ നടത്തുന്ന വികാരോത്തേജനം കൃഷിക്കായി നിലമൊരുക്കുന്നതിനു തുല്യമേ ആകുന്നുള്ളൂ. അതിൽ വിചാരങ്ങളാകുന്ന വിത്തുകൾ പാകേണ്ടത് കവിയുടെ മുഖ്യധർമ്മമാണ്.

(i) ഉത്തമകവിത ഉണ്ടാകുന്നതെങ്ങനെ ? 2

(ii) കവിതയിൽ ആലോചനാപരമായ അംശമില്ലാതെ പോയാലുള്ള ദോഷമെന്ത് ? 2

(iii) കവിതയിൽ തത്തചിന്തയ്ക്കുള്ള പ്രാധാന്യമെന്ത് ? 2

(iv) കവിതയ്ക്ക് ഉൾക്കനമില്ലാതാകുന്നത് എപ്പോൾ ? 2

(v) കവിയുടെ പ്രധാന ധർമ്മമെന്ത് ? 2

## ബി വിഭാഗം

3\. (a) "സൂര്യനെപ്പോലെ തിളങ്ങുന്ന ഈ നരിയെപ്പെറ്റത് ഒരു മാൻ പേടയാകുമോ." — ആര്, ആരെക്കുറിച്ചു പറഞ്ഞ അഭിപ്രായമാണിത് ? സന്ദർഭവും ആശയവും വിശദമാക്കുക. 4

(b) ഇന്ത്യയിൽ കൃഷ്ണകഥ വിപുലമായ രീതിയിൽ പ്രചരിക്കാനുള്ള കാരണങ്ങൾ എന്തെല്ലാം ? 4

(c) "പപ്പു പ്രതിബന്ധങ്ങളെ ഭയപ്പെടാത്തവനാണ്." സമർത്ഥിക്കുക. 4

(d) 'ബാല്യകാലസഖി' വായിച്ച യു.എ. ഖാദറിന്റെ കണ്ണിൽ കണ്ണീർ പൊടിയാൻ കാരണമെന്ത് ? 4

(e) 1920-ലെ തിരുനാളാഘോഷവേളയിൽ ശ്രീ നാരായണഗുരു പ്രസിദ്ധപ്പെടുത്തിയ സന്ദേശങ്ങളിൽ ആദ്യത്തേത് ഏത് ? 1

ആ സന്ദേശം ഏതു സാഹചര്യത്തിന്റെ നേർക്കുള്ള പ്രതികരണമായിരുന്നു ? 3

4\. (a) "തമസ്സാമതിലടിപെട്ടാലകാലമൃത്യു ഫലം"

(i) എന്തിനെയാണ് തമസ്സായി കണക്കാക്കുന്നത് ? 1

(ii) അതുകൊണ്ടുണ്ടാകുന്ന ദോഷങ്ങളെന്തെല്ലാം ? 2

(iii) ഏതു കവി എഴുതിയ വരിയാണിത് ? 1

(b) "അച്ഛനോ ദൂനമാണിന്നു ചിത്തം"

(i) ആരെക്കുറിച്ചോർത്താണ് അച്ഛൻ ദു:ഖിക്കുന്നത് ? 1

(ii) ദു:ഖിക്കാനുള്ള കാരണം വിശദമാക്കുക. 3

(c) "ഇടിവെട്ടീടും വണ്ണം വിൽ മുറിഞ്ഞൊച്ച കേട്ടു നടുങ്ങീ രാജാക്കന്മാരുരഗങ്ങളെപ്പോലെ മൈഥിലി മയിൽപ്പേടപോലെ സന്തോഷം പൂണ്ടാൾ" അലങ്കാരം, ആശയം തുടങ്ങിയവ വിശദമാക്കുക. 4

(d) "പുതുവഴി നീ വെട്ടുന്നാകിൽ
പലതുണ്ടേ ദുരിതങ്ങൾ"
എന്തെല്ലാമാണ് ദുരിതങ്ങൾ ? 4

(e) 'വായന' എന്ന കവിതയിൽ നിന്ന് നമുക്കു ലഭിക്കുന്ന സന്ദേശമെന്ത് ? 4

5. "ആക്ഷേപഹാസ്യത്തിലൂടെ സമകാലിക ജീവിതത്തിന്റെ മനോഹരചിത്രം അനാവരണം ചെയ്യുകയാണ് കെ.എൽ. മോഹനവർമ്മ." — സമർത്ഥിക്കുക. 10

(അല്ലെങ്കിൽ)

"പ്രഖ്യാതരായ കഥാകാരന്മാർക്ക് സാഹിത്യത്തിൽ എന്തു സ്ഥാനമുണ്ടോ അതേ സ്ഥാനം തന്നെ പ്രൊഫസറെന്ന ചിരം ജീവിയെ സൃഷ്ടിച്ച മോഹനവർമ്മയ്ക്കുമുണ്ട്." — 'പ്രൊഫസറുടെ ലോകം' എന്ന കൃതിയെ അടിസ്ഥാനമാക്കി വിലയിരുത്തുക.